

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**27 SEPTEMBER 2019**
**27 MUHARRAM 1441 AH**

# AL-HUJURAT : GHIBBAT (PART 3)

## അൽഹുജ്റാത് : ഗീയ്ബത്ത് (പരദൂഷണം) (ഭാഗം 3)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അൽഹുജ്റാത് ഗീയ്ബത്ത് (പരദൂഷണം) (ഭാഗം 3)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

കഴിഞ്ഞ ആഴ്ച തുടങ്ങിവെച്ച ഗീയ്ബത്ത് എന്ന വിഷയത്തിന്റെ മൂന്നാം ഭാഗം തുടങ്ങുവാനുള്ള തൗഫീഖ് അല്ലാഹു(ത) യുടെ അനുഗ്രഹത്താൽ എനിക്ക് കൈവന്നിരിക്കുകയാണ്. ഗീയ്ബത്ത് അഥവാ പരദൂഷണം എന്നത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾക്ക് പ്രത്യേകിച്ചും മുസ്ലിം സമൂഹത്തിന് പൊതുവിലും ഇത് വളരെ പ്രാധാന്യമുള്ള ഒരു വിഷയം തന്നെയാണ്. ഗീയ്ബത്ത് എന്നാൽ മറ്റുള്ളവരുടെ ന്യൂനത അന്വേഷിക്കലാണ്. അതൊരു ചാരപ്രവർത്തിയാണ്, മറ്റുള്ളവരെ സംശയിക്കലാണത്. തെറ്റായ ആരോപണങ്ങൾ ചാർത്തലാണത്, ആക്ഷേപങ്ങൾ തൊടുക്കലാണത്.

പല പ്രാവശ്യം, നിരപരാധികളായ നിങ്ങളുടെ സഹോദരന്മാരോട് അല്ലെങ്കിൽ സഹോദരിമാരോട്, കാപട്യത്തോടെയുള്ള ബന്ധം നിങ്ങൾ സ്ഥാപിക്കുമ്പോൾ, നിങ്ങൾ ഒരു കപട വിശ്വാസിയായി മാറുന്നു. എവിടെ എങ്കിലും കാപട്യം തല പൊക്കിയാൽ, അവിടെ നിന്നും മറ്റിടങ്ങളിലേക്കും കാപട്യം പടരുവാനുള്ള സാധ്യതയും വളരെ കൂടുതലാണ്. ഒരു സാഹചര്യത്തിൽ നിന്നും, ഒരു സ്ഥലത്ത് നിന്നും മറ്റ് സാഹചര്യത്തിലേക്കും, മറ്റു സ്ഥലത്തേക്കും ഇത് പടർന്നു കയറാം.

കാപട്യം കൈമുതലാക്കിയ ഒരാൾ, ഗീയ്ബത്ത് അയാളിൽ

അത് ഒരു വലിയ ഘടകമായി മാറുന്നു, പ്രസ്തുത ഗീയ്ബതത്ത് ഘടകം അവനെ കാപട്യത്തിലേക്ക് പതിവായി എത്തിക്കുന്നു. ഒരു കപട വിശ്വാസി, തനിക്കറിയാവുന്ന ഒരു വ്യക്തിയുടെ പുറകിൽ നിന്ന് സംസാരിക്കുന്ന ആളാണ്, എന്നാൽ പ്രസ്തുത കപടൻ അയാളുടെ മുൻപിൽ നില്ക്കുമ്പോൾ അതിനു വിപരീതമായിട്ടായിരിക്കും സംസാരിക്കുന്നത്. അങ്ങനെ അയാൾ കരുതും പ്രസ്തുത കപടൻ, തനിക്കനുകൂലമായി നിലകൊള്ളുന്നവനാണെന്നാണ്! (എന്നാൽ കാര്യങ്ങൾ ഒരിക്കലും അങ്ങനെയല്ല) കപട വേഷധാരി ഒരുപാട് കാര്യങ്ങൾ പറയും, അത് അവന്റെ വീക്ഷണത്തിൽ പെട്ടതായിരിക്കില്ല. അവൻ ചിന്തിക്കുന്നതുമായിരിക്കില്ല. ഇതാണ് യഥാർത്ഥത്തിൽ കാപട്യം. നിങ്ങൾ മറ്റുള്ളവരോട് കാപട്യത്തോട് പെരുമാറുമ്പോൾ, സൂക്ഷിച്ചു കൊള്ളുക. ഈ കപടത കുറെശ്ശയായി, നിങ്ങളുടെ വിശ്വാസത്തിന്റെ തന്നെ ഭാഗമായി മാറുന്നതാണ്. അങ്ങനെ നിങ്ങൾ, നിങ്ങളുടെ അമീർ സാഹിബുമായി, ഖാഇദുമായി, ജമാഅത്തിലെ ഭാരവാഹികളുമായി നിങ്ങൾ കാപട്യത്തിലധിഷ്ഠിതമായ ഒരു ബന്ധം കാത്തുസൂക്ഷിക്കുവാൻ തുടങ്ങുന്നു.

അങ്ങനെ പ്രസ്തുത ഗീയ്ബത്ത് ഒരു വ്യക്തിയിൽ നിന്ന് തുടങ്ങിയിട്ട് മറ്റുള്ളവരിലേക്കു ബാധിക്കുന്നു, അങ്ങനെ അത് ഒടുവിൽ സംഘടനയിലേക്ക് വ്യാപിക്കുന്നു. നിങ്ങൾ നിസാമെ ജമാഅത്തിന് എതിരായി സംസാരിക്കുമ്പോൾ, നിങ്ങളറിയണം, അതൊരു വലിയ പാപമാണെന്ന്! ഇത്തരം സാഹചര്യങ്ങൾ ഉടലെടുക്കുമ്പോൾ, നിങ്ങൾ (കാപട്യക്കാരൻ, കാപട്യക്കാരന്റെ പ്രകൃതിയിൽ സംസാരിക്കുന്നു) മോശം സംസാരങ്ങൾ നടത്തുവാൻ തുടങ്ങുന്നു. അല്ലാഹുവിന്റെ വഴിയിൽ പ്രയത്നിക്കുന്നവരെ നിങ്ങൾ മോശമായി ചിത്രീകരിക്കുവാൻ തുടങ്ങുന്നു. മറ്റുള്ളവരെ നിങ്ങൾ പ്രേരിപ്പിക്കുവാൻ തുടങ്ങുന്നു. (ദൈവവഴിയിൽ പ്രവർത്തിക്കുന്നവരെ) വെറുക്കുവാനും, അവരുമായുള്ള സഹകരണം ഇല്ലാതാക്കുവാനും!

ഈ അധികാരികളെകുറിച്ച് നിങ്ങൾ ദൂഷണം പറയുമ്പോൾ (അധികാരികൾ എന്നതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് ദൈവ വഴിയിൽ പ്രയത്നിക്കുന്നവർ എന്നാകുന്നു) നിങ്ങളെ ശ്രവിക്കുന്ന ആളുകളിൽ, അവരിൽ ഒരു വെറുപ്പ് വളർന്നുവരാം, ഒടുവിൽ, അവർ ഇങ്ങനെയും പറഞ്ഞേക്കാം. ഇതാണ് മതം (ഇസ്ലാം) എങ്കിൽ, ഇതിൽ നിന്നും പോകുന്നതാണ് നല്ലത്, ഇതിൽ നിന്നും

ഒഴിഞ്ഞു മാറി നില്ക്കുന്നതാണ് നല്ലത്. അഹ്മദിയ്യാ നിസാമെ ജമാഅത്തിൽ നിന്നും എന്നെ പുറത്താക്കിയപ്പോൾ യഥാർത്ഥ ത്തിൽ സംഭവിച്ചത് ഇതുതന്നെയാണ്. മൗറിഷ്യസിലെ അഹ്മിയ്യാ മുസ്ലിം ജമാഅത്തിൽ നിന്നും റീയുണിയൻ ദ്വീപിലേക്കും, മയോ ട്ടിയിലേക്കും, സെയില്ലിസിലേക്കും, റോഡ്റിഗ്യൂസ് തുടങ്ങിയ ദ്വീപ സമൂഹങ്ങളിലേക്കും പ്രതിനിധി സംഘങ്ങൾ പോയപ്പോൾ 2001 മുതൽ ഗീയ്ബത്ത് പണിക്ക് തുടക്കമിട്ടു. അവർ എന്റെ മേൽ എല്ലാ വിധത്തിലുള്ള കള്ളങ്ങളും പറഞ്ഞു പരത്തുവാൻ തുട ങ്ങി, എന്റെ മേൽ തെറ്റായ ആരോപണങ്ങളുമായി അവർ കയ റിയിറങ്ങി നടന്നു. അതിൽ പെട്ടതാണ് ഞാൻ ഡ്രഗ് അടിക്കു ന്നവനാണ്, ചിലമരുന്നുകൾ കഴിക്കുന്നവനാണ്, പ്രസ്തുത മരു ന്നിന്റെ അതിസ്വാധീനത്താലാണ് അവന് വെളിപാടുകൾ ലഭി ക്കുന്നതെന്ന് പറയുന്നത്! മറിച്ച് ഒന്നു ചിന്തിക്കു! അത് ശരി ആയിരുന്നുവെങ്കിൽ, അവർ പെട്ടെന്ന് തന്നെ അറിയുവാൻ മുന്നോട്ട് വരേണ്ടതല്ലേ? ഏതു തരത്തിലുള്ള മരുന്നു കഴിക്കു മ്പോഴാണ് എനിക്ക് ദൈവീക വെളിപാടുകൾ ലഭിക്കുന്നതെന്ന് അവർ പറയേണ്ടതല്ലേ? അവരും പ്രസ്തുത മരുന്ന് കഴിച്ച് ദൈവീക വെളിപാടുകൾ പറയേണ്ടതല്ലേ? എന്നാൽ അവർ എന്താണ് ചെയ്തത്? അവർ പറഞ്ഞു നടന്നത് എനിക്ക് കിട്ടുന്ന വെളിപാടുകൾ സാത്താനിക വെളിപാടുകളാണെന്നാ ണ്. ഞാൻ അതിൽ നിന്നും അല്ലാഹുവിൽ അഭയം തേടുന്നു.

അവർ ഈ രീതിയിൽ പ്രവർത്തിക്കുമ്പോൾ, അവർ ഇസ്ലാ മിന്റെയും അഹ്മദിയ്യത്തിന്റെയും അധ്യാപനങ്ങളിൽ നിന്ന് ദ്വീപ് നിവാസികളെ വഴി തിരിച്ചു വിടുകയാണ് ചെയ്യുന്നത്. അവർ വിചാരിച്ചത് ഈ ആളുകളിൽ എന്നോടു വെറുപ്പുണ്ടാക്കുവാൻ കഴിയുമെന്നാണ്, അതുപോലെ, എന്നെ അവരിൽ നിന്നും മാറ്റി നിർത്തുകയും ചെയ്യാമെന്നാണ്. എന്നാൽ ഈ ആളുകൾ ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും ചര്യകളിൽ നിന്ന് അകന്നു പോവുകയാണ് ചെയ്തത്. (എന്നത് അവർ അറിയു ന്നില്ലേ?) അവർ കരുതിയത് അവർ അതിമഹത്തായ ഒരു പ്രവർത്തിയാണ് ചെയ്യുന്നതെന്നാണ്, അവർ പറയുന്ന കള്ള ങ്ങളിൽ അവർ വിശ്വസിക്കുമെന്നാണ് അവർ കരുതിയത്. എന്നാൽ സംഭവിച്ചത് മറിച്ചാണ്, ഈ ആളുകൾ അവരുടെ മുൻപാകെ വളരെയധികം അപമാനിതരായി തീരുകയാ

ണുണ്ടായത്. കാരണം അവിടെയുള്ളവർക്ക് എന്നെ നല്ലതു പോലെ അറിയാമായിരുന്നു. അവരോടൊപ്പം കഴിഞ്ഞവർഷങ്ങ ളിൽ ഞാൻ എത്രമാത്രം കഠിനമായാണ് ദീനിനു വേണ്ടി പ്രസ്തുത ദ്വീപുകളിൽ ജോലി ചെയ്തതെന്ന് അവർക്ക് അറിവുള്ള കാര്യമായിരുന്നു. ഞാൻ എത്തരത്തിലുള്ള ആളാണെന്ന് അവർക്ക് നല്ലതുപോലെ അറിയാമായിരുന്നു. അവരിൽ അനേകം പേർ ഇപ്രകാരം പറയുകപോലും ചെയ്തു. ശൈഖ്മുനീർ അസീ മിനെ പോലെ ഒരാളെ ജമാഅത്തിൽ നിന്നും പുറത്താക്കുകയാ ണെങ്കിൽ, അങ്ങനെ അവരുടെ മിഷണറി പറയുകയാണെങ്കിൽ, പിന്നെ ഈ ജമാഅത്തിൽ കഴിയുന്നതിൽ എന്തുപ്രയോജനമാ ണുള്ളത്? അദ്ദേഹത്തിലൂടെയാണ് ഞങ്ങൾ ഈ ജമാഅത്തിനെ കുറിച്ച് അറിയുന്നത് തന്നെ.

അതുമാത്രമല്ല, കുറച്ചാളുകൾ ഒരു ദ്വീപിൽ പോവുക യുണ്ടായി. ഒരു വലിയ കുടുംബത്തിൽ അവർ പ്രഖ്യാപിക്കുക യുണ്ടായി. പ്രസ്തുത കുടുംബം എന്നിലൂടെയാണ് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്! അവർ വളരെ നിഷ്ക്കളങ്കരായിരു ന്നു. (ജമാഅത്ത് അഹ്മദിയ്യായിൽ പ്രസതുത സമയത്ത്) അവർ ജമാഅത്തിനായി വളരെയധികം ത്യാഗങ്ങൾ ചെയ്യുക യുമുണ്ടായി. അതുകൊണ്ട് അവരുടെ നല്ല ബുക്കിൽ അവർ ഇടം നേടിയിരിക്കുന്നു. അവരിൽ ഒരാൾ മൗറിഷ്യസിലെ നീതി ന്യായ വകുപ്പിലെ ഒരു ജഡ്ജി ആയിരുന്നു. മറ്റൊരാൾ മൗറിഷ്യ സിലെ ഒരു വലിയ വക്കീലുമായിരുന്നു. അവരുടെ ബുദ്ധിമാന്ദ്യ ത്തിന് അവർ എന്തേ ഒന്നും ചെയ്തില്ല? അവർ അവരുടെ മുൻപിൽ സ്വയം ചെറുതാവുകയാണുണ്ടായത്. ദ്വീപു വാസികൾ അവരെപറ്റി മോശമായി സംസാരിക്കുകയാണ് ചെയ്തത്. അവർ ചെയ്ത അവരുടെ മോശ പ്രവർത്തിക്കും സംസാരത്തിനും ജന ങ്ങൾ അവരെ ശപിക്കുകയാണ് ചെയ്തത്. എന്നിട്ടവർ പറയു കയും ചെയ്തു. ഈ മോശമായ നടപടിക്രമങ്ങൾ എല്ലാം അവർ നടത്തിയിട്ടും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അവിടെ നാൾക്കു നാൾ നല്ല നിലയിൽ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. അൽഹംദുലില്ലാഹ്! സുമ്മഅൽഹം ദുലില്ലാഹ്!

(ഈ ദുഷ്ട മാനസർ എനിക്കെതിരിൽ പ്രശ്നങ്ങൾ സൃഷ്ടി ക്കുവാൻ ശ്രമിച്ചപ്പോൾ, എന്റെ അഭിമാനത്തിന് ക്ഷതമേല്പിക്കു വാൻ തുനിഞ്ഞപ്പോൾ പ്രസ്തുത ആളുകൾ (അതായത് ദ്വീപ് വാസികൾ) ജമാഅത്ത് അഹ്മദിയ്യായോട് അവർക്കുണ്ടായിരുന്ന

എല്ലാ താത്പര്യവും ആവേശവും കെട്ടടങ്ങുകയുണ്ടായി. 1990 മുതൽ 2000വരെയുള്ള കാലയളവിൽ പ്രസ്തുത ദ്വീപുകളിൽ ഞാൻ സ്ഥാപിച്ചതായായിരുന്നു ഈ ജമാഅത്തുകളൊക്കെ!

(കഴിഞ്ഞ കാലത്തുണ്ടായ ഒരു പ്രസ്താവന-ഭാവിയിൽ സംഭവിക്കാവുന്ന ഒരു മുന്നറിയിപ്പുമാണത്-അല്ലാഹുവിന്റെ ജമാഅത്തിന് ബാധകവുമാണത്) ആയതിനാൽ ഇത് വെറുപ്പ് ഉളവാക്കുന്നത് തന്നെയാണ്. അതായത് അല്ലാഹുവിന്റെ മാർഗത്തിൽ ഒരാൾ, പ്രവർത്തിക്കുമ്പോൾ, അവനെ കപട വിശ്വാസികൾ കടന്നാക്രമിക്കുന്നതാണ്, പ്രസ്തുത കടന്നാക്രമണം ജമാഅത്തിനു വേണ്ടി പ്രവർത്തിക്കുന്ന മറ്റു ഭാരവാഹികളെയും പിടികൂടുന്നതാണ്.

അപ്പോൾ ഒരുവൻ മനസ്സിലാക്കേണ്ടത്, ഇതൊക്കെ സംഭവിക്കുന്നത്, വെറുപ്പിനും അസൂയയ്ക്കും തിരികൊളുത്തുമ്പോഴാണ്, അതേ തുടർന്നാണ് അവിടെ ഗീയ്ബത്ത്-പരദൂഷണം ആവിർഭവിക്കുന്നത്. അതുകൊണ്ട് മുഹബ്ബത്തും/ സ്നേഹവും ഗീയ്ബത്തും ഒരുമിച്ചു പോവുകയില്ല. സ്നേഹത്തിനും സൗഹൃദത്തിനും പരദൂഷണവുമായി യാതൊരു ബന്ധവുമില്ല. ഈ പരദൂഷണത്തിന് എതിരിൽ പോരാടുവാൻ നമുക്ക് അനേകം വഴികളുണ്ട്. അതിൽ ഏറ്റവും നേരായ ഒരു വഴി, അനുകൂലായ ഒരു വഴി നാം മറ്റുള്ളവരുമായി സ്നേഹബന്ധം സ്ഥാപിക്കുക എന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ രാവും പകലും പ്രവർത്തിക്കുന്നവരുമായി സ്നേഹബന്ധം സ്ഥാപിക്കുന്നതിനായി കഠിനമായി പരിശ്രമിക്കുക. (അല്ലാഹുവിന്റെ ജമാഅത്തിനായി ദൈവീക ദൃഷ്ടാന്തത്തിനായി തഖ്വയിലധിഷ്ഠതമായ നിലയിൽ വർത്തിക്കുന്നവരുമായി സൗഹൃദ സ്നേഹ ബഹുമാന ഉടമ്പടി സ്ഥാപിക്കുക. അവരാണ് ജമാഅത്തിന്റെ കാര്യനിർവ്വഹണം നിഷ്ക്കളങ്കമായ നിലയിൽ നിർവ്വഹിക്കുന്നത്.

ഈ നിലയിലുള്ള ഒരു ചിന്താധാര നിങ്ങൾക്കാവശ്യമായിട്ടുണ്ട്. നം സ്വതന്ത്രർ ആണ്, നമ്മുടെ വ്യക്തിപരമായ ജോലികൾ ചെയ്യുവാൻ നമുക്ക് കഴിയുന്നതുമാണ്. എന്നാൽ ജമാഅത്തിന്റെ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നവർ, അവർ മതപരമായ ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. നാം അവരുമായി ഒരു നല്ല ബന്ധം കാത്തുസൂക്ഷിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ പ്രീതി നമുക്ക് കരസ്ഥമാക്കുവാനുള്ള ഒരു വഴിയായി അതു മാറുന്നതാണ്. അല്ലാഹുവിന്റെ പ്രീതി നമുക്ക് ലഭിക്കുന്നതിനായി

നിശ്ചയമായും നാം അവരുമായി ഒരു നല്ല ബന്ധം കാത്തുസൂക്ഷിക്കേണ്ടതു തന്നെയാണ്.

ഈ രീതിയിൽ ആളുകൾ ചിന്തിക്കുകയാണെങ്കിൽ, ആദരണീയമായ ഒരു ബന്ധം അവർ മന:പൂർവ്വം ജമാഅത്ത് ഭാരവാഹികളുമായി സ്ഥാപിക്കുന്നതാണ്. അത്തരം ഭാരവാഹികൾ തങ്ങളുടെ പ്രായത്തേക്കാൾ കുറഞ്ഞവരാണെങ്കിലും ശരി! അങ്ങനെ വരുമ്പോൾ അവർ ശക്തമായ ഒരു സ്നേഹബന്ധം അവരുമായി സ്ഥാപിക്കുവാൻ തയ്യാറാകുന്നു. (അല്ലാഹുവിന്റെ പ്രീതിക്കായി ഒരു സഹോദര സ്നേഹ ബന്ധം, സഹോദരീ സ്നേഹബന്ധം സ്ഥാപിക്കുവാൻ അവർ സ്വയമേവ തയ്യാറാകുന്നു.) പ്രകൃതിപരമായി തന്നെ നിങ്ങളിൽ ഈ സ്നേഹം അങ്കുരിക്കുന്നതില്ലെങ്കിൽ, നിങ്ങൾ ഈ സ്നേഹം നിങ്ങളിൽ വളർത്തി എടുക്കുവാൻ സ്വയം ശ്രമിക്കുക. ചിലപ്പോൾ ഈ ആദരവ് സ്നേഹമായി മാറുന്നു. മറ്റുചിലപ്പോൾ സ്നേഹം ആദരവായി മാറുന്നു. ഈ വിഷയം സ്വാഭാവികമായി പരസ്പര പൂരകമാണ്. സൗന്ദര്യത്തിലധിഷ്ഠിതമായ സ്വാഭാവിക സ്നേഹത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്, മറിച്ച് ഞാൻ സംസാരിക്കുന്നത് മറ്റു ചില മൂല്യങ്ങളിലൂടെ നേടി എടുക്കുന്ന സ്നേഹത്തെക്കുറിച്ചാണ്. നിങ്ങളുടെ സ്നേഹഭാജനം (അത് ഒരു വ്യക്തി ആകാം അഥവാ മതപരമായ ജോലി ആകാം) അത് മറ്റു പലതുമായി ബന്ധിതമാണ്. നിങ്ങൾ ഇഷ്ടപ്പെടുന്ന സ്നേഹഭാജനത്തിൽ കുടികൊള്ളുന്ന മറ്റു കാര്യങ്ങളും നിങ്ങൾ ഇഷ്ടപ്പെടുന്നതാണ്. അതായത് നിങ്ങൾക്ക് ഒരു വ്യക്തിയോട് സ്നേഹമുണ്ടെങ്കിൽ ആ വ്യക്തിയുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റു കാര്യങ്ങളും നിങ്ങൾ ഇഷ്ടപ്പെടുന്നതാണ്. അതായത് ഒരു വ്യക്തിയോട് സ്നേഹമുണ്ടെങ്കിൽ ആ വ്യക്തിയുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റു കാര്യങ്ങളിലും നിങ്ങൾക്ക് സ്നേഹം ഉണ്ടാകാവുന്നതാണ്. ശരിക്കും പറഞ്ഞാൽ അവയോട് നമുക്ക് സ്വാഭാവികമായ സ്നേഹമൊന്നുമില്ല, എന്നിരുന്നാലും പ്രസ്തുത വ്യക്തിയോടുള്ള സ്നേഹം, അദ്ദേഹം ഇഷ്ടപ്പെടുന്ന കാര്യങ്ങളിൽ സ്നേഹം പ്രകടിപ്പിക്കുവാൻ നാം തയ്യാറാകുന്നു. ഹുസൂർ ലൈല മജ്നൂന്റെ ജീവിത കഥ എടുത്തുപറയുകയുണ്ടായി. ലൈലയോടുള്ള സ്നേഹ കാരണം മജ്നു ലൈലയുടെ നായയോടു ഇഷ്ടം കാണിക്കുകയുണ്ടായി. സ്നേഹത്തിന്റെ ആഴം കൂടുന്നതനുസരിച്ച്, പ്രസ്തുത വ്യക്തിയിലുമുള്ള മറ്റു കാര്യങ്ങളും നാം ഇഷ്ടപ്പെടുന്നു. അപ്പോൾ

പ്രസ്തുത വ്യക്തിയിൽ നിന്നും ഒരാളെ മാറ്റി നിർത്തുവാൻ മറ്റൊരാൾക്കും കഴിയില്ല, ഞാൻ മുഹബ്ബത്തിനെ കുറിച്ച് നിങ്ങളോടു പറയുമ്പോൾ, ഞാൻ നിങ്ങളോട് പറയുന്നത് കാപട്യമൊന്നുമല്ല. മറിച്ച് ഒരു യഥാർത്ഥ്യം മാത്രമാണ്. സ്നേഹത്തിന് നിങ്ങളുടെ ബന്ധങ്ങളിൽ വളരെ വലിയ സ്വാധിനമുണ്ട് എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ടാണ് സഹാബാക്കളുടെ ജീവിത മാതൃക പലവുരു നിങ്ങളോട് പറഞ്ഞിട്ടുള്ളത്. സഹാബാക്കളുടെ സ്നേഹം അത് അസാധാരണമായ നിലയിലുള്ളതായിരുന്നു. ഇന്നും പലരും അത്തരത്തിലുള്ള സ്നേഹമുണ്ടെന്ന് അവകാശപ്പെടുന്നവരുണ്ട്. എന്നാൽ സഹാബാക്കളുടെ സ്നേഹം അതിനെല്ലാം ഉപരിയായിട്ടുള്ളതാകുന്നു. അവരെ സംബന്ധിച്ചിടത്തോളം, സ്നേഹം അവരുടെ നയനങ്ങളിലും വദനങ്ങളിലും അവരുടെ ഓരോ ജീവാണുവിലുമുണ്ടായിരുന്നു. ആ സ്നേഹം അവരുടെ ശരീരമാസകലം സാക്ഷ്യം വഹിക്കുകയുണ്ടായി. അതുകൊണ്ടാണ് ഞാൻ ആദ്യകാലത്ത്, എന്റെ സഹാബക്കളെ കാണാൻ ചെന്നപ്പോൾ അവരെന്റെ കയ്യ്പിടിച്ച് മുത്തിയത്. അന്ന് ഞാനതിൽ ലജ്ജിക്കുകയുണ്ടായി. അവർ യഥാർത്ഥത്തിൽ പ്രകടിപ്പിച്ചത് പവിത്രമായ സ്നേഹസൗഹൃദ വാത്സല്യമായിരുന്നു. ഇത്തരം സ്നേഹപ്രകടനങ്ങൾ കാണുമ്പോൾ ഞാൻ അമ്പരന്നു പോയിരുന്നു. ആ സ്നേഹത്തിന്റെ യഥാർത്ഥ അർത്ഥം എനിക്ക് മനസ്സിലാകാത്തതിനാൽ ഞാൻ എന്നോട് തന്നെ ചോദിച്ചു. ഇത് ശിർക്ക് അല്ലേ? എന്ന് എന്നാൽ അവരുടെ സ്നേഹവും, ആദരവും, വാത്സല്യവും ദർശിച്ചപ്പോൾ ഞാൻ നിശബ്ദനായി പോയി!

ഇതു സംബന്ധമായി ദുആ ചെയ്തു കഴിഞ്ഞപ്പോൾ അല്ലാഹു(ത) എനിക്ക് ബോധ്യപ്പെടുത്തി തന്നത്, നബികരീം(സ)യോടും ഹസ്രത് മസീഹ് മൗഊദ്(അ)നോടും ഇസ്ലാമിക അധ്യാപനങ്ങളോടുമുള്ള അവരുടെ സ്നേഹം അത്യഗാധമായിരുന്നു എന്നും ആയതിനാലാണ് ഈ കലാഘട്ടത്തിൽ ആഗതരായ നബികരീം(സ)യുടെ പ്രതിനിധിയായ പ്രവാചകനോടുള്ള ആദരവും സ്നേഹവും ഇത്തരത്തിൽ പ്രകടിപ്പിക്കുകയുണ്ടായത്. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഈ അനുഗ്രഹം അവർക്കും അല്ലാഹു(ത) നല്കിയെങ്കിലും, ഈ അനുഗ്രഹത്തിൽ നിന്ന് അവർ പിൻതിരിയുകയാണുണ്ടായത്. ഈ സത്യം മനസ്സിലാക്കിയവരെ

സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിൽ എത്രതന്നെ കഠിനപരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടി വന്നാലും, അവർ സന്തോഷഭരിതരാണ്. നബികരീം(സ)യുടെ കാലഘട്ടത്തിലെ സഹാബാക്കളെ പോലെയോ മസഹീഹ്(അ)യുടെ സഹാബാക്കളെപോലെയോ തങ്ങളും ഭാഗ്യവാന്മാരാണെന്ന് അവർ കരുതുന്നു.

ഇന്ന് നിങ്ങളുടെ ഇടയിൽ അല്ലാഹുവിനാൽ നിയോഗിതനായ ഒരാളുണ്ട്. അല്ലാഹു(ത) അദ്ദേഹത്തോട് സംസാരിക്കുന്നു. നബികരീം(സയുടെ അധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കും എന്നതാണ് അദ്ദേഹത്തിൽ നിക്ഷിപ്തമായ ദൗത്യം. ഏകദൈവത്തിലേക്ക് മാനവകുലത്തെ ക്ഷണിക്കുക എന്ന പ്രവാചകദൗത്യമാണ് അദ്ദേഹം നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ഇന്ന് ലോകത്തു ജീവിക്കുന്ന എന്റെ ശിഷ്യന്മാർ സന്തുഷ്ടരാണ്. കാരണം കോടിക്കണക്കിന് മനുഷ്യർക്കിടയിൽ ദൈവീക വെളിപാടുകൾക്ക് സാക്ഷ്യം വഹിക്കുന്നതിന് അവർക്ക് കഴിഞ്ഞു എന്നതാണ് സന്തോഷം!

അല്ലാഹുവിൽ നിന്ന് ഒരു കാര്യം എനിക്ക് വ്യക്തമായി. അതിനാൽ എന്റെ പരിഭ്രമം മാറി! എന്റെ അനുചരന്മാർ എന്റെ കൈപിടിച്ചു മുത്തിയപ്പോൾ, അത് അവരുടെ ഖലീഫത്തുല്ലാഹ്‌യോടുള്ള സ്നേഹം പ്രകടിപ്പിക്കലാണെന്ന് ഞാൻ മനസ്സിലാക്കി. അല്ലാഹുവിന്റെ ഖലീഫയോടുള്ള അവരുടെ സ്നേഹ പ്രകടനത്തിനെ വിലക്കുന്നത് ശരിയല്ല എന്ന് ഞാൻ തിരിച്ചറിയുന്നു.

അൽഹംദുലില്ലാഹ്! അല്ലാഹു(ത)നിങ്ങളെ നിഷ്ക്കളങ്കരാക്കട്ടെ! ഖലീഫത്തുല്ലാഹ്‌യോട് വിശ്വസ്തപൂർവ്വം നിലകൊള്ളുവാൻ എപ്പോഴും സഹായിക്കട്ടെ! ഇൻശാ അല്ലാഹ് ആമീൻ! അടുത്ത ആഴ്ച ഇതേ വിഷയം തുടരുന്നതാണ്.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*